# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP5-793/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 10/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടാക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP5-793/2022 തീയ്യതി: 10/06/2022

## തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 05-04-2022 | 16-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-04-2022 | 16-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാ ബീവി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.സുരേഷ് ബാബു.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജസ്റ്റിൻ രാജ്.റ്റി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കോസല രാമദാസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അജിത. | പ്രസിഡന്റ് | 01-04-2020 | 20-12-2020 |
| ശ്രീ.കെ.അനിൽകുമാർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.ഹരികുമാർ.ജി. | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി.മിനിചന്ദ്ര | സെക്രട്ടറി | 09-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബീന. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സിബിൻ എസ്സ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ശാന്തകുമാർ | മെഡിക്കൽ ഓഫീസർ.അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.സിദ്ദി. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| രാജീവ്.സി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജീവ്.ജി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീകല. | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.സുജിത്.എ.എസ്സ് | വി.ഇ.ഓ -2 | 01-04-2020 | 31-01-2021 |
| ശ്രീ.അനിൽകുമാർ.ജെ | വി.ഇ.ഓ -2 | 01-02-2021 | 31-03-2021 |
| ശ്രീമതി.സുധാരാജ്.വി | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.തിങ്കൾ ജ്യോതി.എ.എസ്സ് | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| ഡോ.കെ.സി.പ്രസാദ് | വെറ്ററിനറി സർജൻ | 01-04-2020 | 28-01-2021 |
| ഡോ.സുനിൽകുമാർ | വെറ്ററിനറി സർജൻ | 29-01-2021 | 12-02-2021 |
| ഡോ.സേതുമാധവൻ | വെറ്ററിനറി സർജൻ | 13-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: K Sreeja (Deputy Director, On 10-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: K Sreeja (Deputy Director, On 10-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Suresh Babu B (Senior Grade Auditor, On 07-05-2022)<br>Last Updated By: K Sreeja (Deputy Director, On 10-06-2022) | 1-4 |
| 5 | 2020-2021 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: K Sreeja (Deputy Director, On 10-06-2022) | 1-5 |
| 6 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.M (Audit Officer (HG), On 02-05-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sindhulabeevi.M (Audit Officer (HG), On 06-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: K Sreeja (Deputy Director, On 10-06-2022) | 1-9 |
| 10 | ജാഗ്രതാസമിതി പ്രവർത്തനങ്ങൾ നിഷ്ക്രിയം<br>Written By: Kosalaramadas.K (Senior Grade Auditor, On 05-05-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-10 |
| 11 | റോഡ് പ്രവൃത്തികൾ ഏറ്റെടുക്കൽ മാർഗരേഖ പാലിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-11 |
| 12 | ഏറ്റെടുത്ത സ്പിൽ ഓവർപ്രോജക്ടുകൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-12 |
| 13 | പ്രവൃത്തികളുടെ പൂർത്തീകരണത്തോടടുപ്പിച്ച് എസ്റ്റിമേറ്റ് പുതുക്കലിന് അംഗീകാരം നൽകി.പൊതുമരാമത്ത് മാന്വലിന് വിരുദ്ധം<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-13 |
| 14 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-14 |
| 15 | വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-15 |
| 16 | ലൈസൻസ് നൽകൽ കാര്യക്ഷമമല്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-16 |

| | | |
|---|---|---|
| 17 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-17 |
| 18 | കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-18 |
| 19 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-19 |
| 20 | അപേക്ഷയോടൊപ്പമുള്ള അന്വേഷണ റിപ്പോർട്ട് ഫലപ്രദമല്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-20 |
| 21 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 08-06-2022) | 1-21 |
| 22 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-22 |
| 23 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-23 |
| 24 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-24 |
| 25 | അഭിഭാഷകരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-25 |
| 26 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-26 |
| 27 | പെർമിറ്റ് ഫീസ് ഈടാക്കിയതിലെ കുറവു കാരണം പഞ്ചായത്തിനു വരുമാന നഷ്ടം<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-27 |
| 28 | വാടകതുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Justin Raj T.S (Senior Grade Auditor, On 24-04-2022) | 1-28 |
| 29 | കരാർപത്രം (എഗ്രിമെന്റ്) ചമച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-29 |
| 30 | കുളങ്ങൾ ലേലം ചെയ്തു നല്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-30 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി; വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 937500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-31 |
| 32 | ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 03-06-2022) | 1-32 |
| 33 | വാഹന പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022) | 1-33 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 04-06-2022) | |
| 34 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 1-34 |
| 35 | ജനറേറ്ററിന്റെ ലോഗ്ബുക്ക്,ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 24-04-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 1-35 |
| 36 | സംയുക്ത പരിശോധന നടത്തി വെള്ളക്കരം നിശ്ചയിക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 02-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 1-36 |
| 37 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക 1378360/- രൂപ തടസ്സപ്പെടുത്തുന്നു.-<br>Written By: Sindhulabeevi.M (Audit Officer (HG), On 02-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 1-37 |
| 38 | സ്ട്രീറ്റ് ലൈൻ ഏക്സ്റ്റെൻഷൻ-ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്. ണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 02-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 1-38 |
| 39 | ഭൗതികസൗകര്യങ്ങൾ ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു<br>Written By: Kosalaramadas.K (Senior Grade Auditor, On 03-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 08-06-2022) | 1-39 |
| 40 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടിയിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 05-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 1-40 |
| 41 | പദ്ധതി ഫയലുകൾ ഹാജരാക്കിയില്ല.-ചെലവ് തുക 5,25,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Kosalaramadas.K (Senior Grade Auditor, On 05-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 1-41 |
| 42 | ചെലവ് രേഖകളുടെ അഭാവത്തിൽ 1,25,750/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 05-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 1-42 |
| 43 | പദ്ധതി ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല-20,39,500/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 05-05-2022)<br>Last Updated By: K Sreeja (Deputy Director, On 10-06-2022) | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sindhulabeevi.M (Audit Officer (HG), On 07-05-2022)<br>Last Updated By: Biji T (Computer Assistant, On 06-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ .<br>Written By: Sindhulabeevi.M (Audit Officer (HG), On 07-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 07-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 07-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sindhulabeevi.M (Audit Officer (HG), On 07-05-2022)<br>Last Updated By: Biji T (Computer Assistant, On 06-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhulabeevi.M (Audit Officer (HG), On 07-05-2022)<br>Last Updated By: Biji T (Computer Assistant, On 04-06-2022) | 4-6 |
| 7 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sindhulabeevi.M (Audit Officer (HG), On 07-05-2022)<br>Last Updated By: Biji T (Computer Assistant, On 06-06-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sindhulabeevi.M (Audit Officer (HG), On 07-05-2022)<br>Last Updated By: Biji T (Computer Assistant, On 06-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhulabeevi.M (Audit Officer (HG), On 08-05-2022)<br>Last Updated By: K Sreeja (Deputy Director, On 10-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Sindhulabeevi.M (Audit Officer (HG), On 07-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 08-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ബജറ്റ് 16.03.2020 ലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

1.ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20512019 |
| വരവ് | 516214200 |
| ആകെ | 536726219 |
| ചെലവ് | 521980054 |
| നീക്കിയിരിപ്പ് | 14746165 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിവരം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| പ്രാരംഭ ബാക്കി | 20512019 | 18447258 |
| തൻവർഷം വരവ് | 516214200 | 177321609 |
| ആകെ വരവ് | 536726219 | 195768867 |
| ചെലവ് | 521980054 | 136805589 |
| നീക്കിയിരിപ്പ് | 14746165 | 58963278 |

2.ബജറ്റ് പ്രൊപ്പോസൽ.

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി കത്ത് നം എ/9783/2019 തീയതി.12.12.2019 ഘടകസ്ഥാനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട്. കണ്ടൻ കുളങ്ങര, കളത്തുമ്മൽ എന്നീ എൽ.പി.സ്കൂളുകളിലെ എച്ച്.എം.മാർ മാത്രമാണ് പ്രൊപ്പോസൽ നൽകിയിരിക്കുന്നത്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അവരുടെ നിർദ്ദേശങ്ങളുടെ അഭാവത്തിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

3.ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.

ചുവടെ പറയുന്ന ഇനങ്ങളിൽ ബജറ്റ് വകയിരുത്തൽ വരുത്താതെ തുക ചെലവഴിച്ചിട്ടുണ്ട്.

| കോഡ്-വാർഷിക ധനകാര്യപത്രിക. | ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|
| 210500101 | Employees PF Contribution | 109113 |
| 220100299 | Other Items | 58999 |
| 230800099 | Other Operating Maintenance Expense | 34401 |
| 250100201 | Agriculture And Other Relates Sectors-other Crops | 898836 |
| 250104801 | Dairy Development-infrastructure General | 650500 |
| 250200401 | Minor Irrigation | 152553 |
| 250301501 | Service Enterprices | 275000 |
| 250400101 | Environmental Coservation | 9000 |
| 252200501 | Foot Bridges General | 370497 |
| 253100102 | Drinking Water Related Projects -SCP | 2000 |
| 253101401 | Payments To Drinking Water | 3840 |

4.ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധിക തുക ചെലവഴിച്ചു.

ചുവടെ പറയുന്ന ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികം തുക ചെലവഴിച്ചു.

| ബജറ്റ് കോഡ് | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2305009 | 100000 | 346825 |
| 2308001 | 500000 | 1277706 |
| 2305007 | 150000 | 702397 |
| 2501003 | 100000 | 222528 |
| 2501040 | 200000 | 408593 |
| 2501046 | 3000000 | 3211711 |
| 2511013 | 1000000 | 1179992 |
| 2512001 | 465400 | 1809802 |
| 2512003 | 126900 | 666617 |
| 2512009 | 485800 | 1153600 |
| 2513006 | 703400 | 1751050 |
| 2514001 | 330000 | 776295 |
| 2514101 | 1106400 | 2044071 |
| 2522001 | 3075200 | 8389485 |
| 2531005 | 1000000 | 2355318 |

5.ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

7.ബജറ്റ് അവലോകനം സംബന്ധിച്ച്

*പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട്(മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

*വാർഷിക അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

1.സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം ആകെ വരവ് 338402424/-രൂപയും ആകെ ചെലവ് 339723926/-രൂപയും ആണ്. 1321502/- രൂപ ഡെഫിസിറ്റ് കാണുന്നു.

2.ബാധ്യത തുക സംബന്ധിച്ച് വ്യക്തതയില്ല.

Development Fund For Transfer To Other LSGs (B2 311200301) ഇനത്തിൽ 672816/- രൂപ 2019-20 ലും 2020-21 ലും ബാധ്യതയായി നിലനിൽക്കുന്നു. ഇത് എന്താവശ്യത്തിനായി ലഭ്യമാക്കിയ തുകയാണെന്ന് വ്യക്തമല്ല. നാളിതുവരെയും തുക ചെലവഴിക്കാത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടിരുന്നു. ചെലവഴിക്കാത്ത തുക തിരികെ ഒടുക്കുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.ബാധ്യതാ തുകകൾ തിരികെ ഒടുക്കുവരുത്തുന്നില്ല.

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ 2019-20 ൽ ബാധ്യതയായി നിലനിന്നിരുന്ന തുകകൾ തൻവർഷവും അതേപടി നിലനിൽക്കുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 320200308 | Library Grant | 1280 |
| 320300103 | Total Sanitation | 899958 |
| 320700204 | Joint Venture Revenue Expenditure-Block Panchayat | 750249 |

| | | |
|---|---|---|
| 320700205 | Joint Venture Revenue Expenditure-District Panchayat | 415839 |
| 320700304 | Contribution For Other Specific Purposes-Capital Expenditure-Block Panchayats | 577591 |

വർഷങ്ങളായി ബാധ്യതയായി നിലനിൽക്കുന്ന തുകകൾ തിരിച്ച് ഒടുക്ക് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.വിവരങ്ങൾ ലഭ്യമല്ല.

KURDFC ലോൺ 2019-20 വർഷം 63870000/-അടവാക്കാൻ ബാക്കിയുണ്ടായിരുന്നു. തൻവർഷം 5020000/- രൂപ വരവുണ്ട്. 64077333/-രൂപ ഇനിയും അടച്ച് തീർക്കാനുള്ളതായി കാണുന്നു. വിവരങ്ങൾ പരിശോധിക്കാൻ ലോൺ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. തൻവർഷ പ്രോജക്ടുകൾ പ്രകാരം ചുവടെ പറയുന്ന തുകകൾ ലോൺ ഇനത്തിൽ തിരിച്ചടവ് വന്നിട്ടുണ്ട് (ആകെ-4812667). എന്നാൽ ലോൺ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

| പദ്ധതി നം | പദ്ധതിയുടെ പേര് | ഫണ്ട് | തുക |
|---|---|---|---|
| 361/21 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | എസ്.സി.പി. | 228000 |
| 362/21 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | ജനറൽ | 4575529 |
| 363/21 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | എസ്.സി.പി. | 6196 |
| 364/21 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | ജനറൽ | 2942 |

ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

6.ഡിപ്രീസിയേഷൻ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

I.17(a) ഷെഡ്യൂൾ പ്രകാരം തൻവർഷം 5122210/- രൂപ ഡിപ്രിസിയേഷൻ ഇനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഡിപ്രീസിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ള ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായിട്ടാണോ ഡിപ്രീസിയേഷൻ നൽകിയിരിക്കുന്നത് എന്നത് വ്യക്തമാക്കേണ്ടതാണ്.

7.ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

B18 ഷെഡ്യൂൾ പ്രകാരം കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും 6190228/-രൂപയുടെയും കേരളാ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും 5446059/- രൂപയുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാനുണ്ട്. മുൻ വർഷവും ഇതേ തുക തന്നെ നിലനിൽക്കുന്നുണ്ട്. ഇത് ഏതൊക്കെ പദ്ധതികൾക്കായി ഏത് സാമ്പത്തിക വർഷങ്ങളിൽ നൽകിയ തുകകളാണെന്ന് വ്യക്തമല്ല. വിനിയോഗം ലഭ്യമാകാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ കൂടെ അറിയിക്കുവാനാവശ്യപ്പെട്ടിരുന്നു. എന്നാൽ ഡെപ്പോസിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല.

തൻവർഷം നൽകിയ തുകകൾ.

| പദ്ധതി നം | പദ്ധതിയുടെ പേര് | നൽകിയ തുക | തുക സ്വീകരിച്ച ഏജൻസി. |
|---|---|---|---|
| 5/21 | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 189705 | കെ.എസ്.ഇ.ബി. |
| 270/21 | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 50550 | കെ.എസ്.ഇ.ബി. |

ഈ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഇവയ്ക്ക് വിനിയോഗം ലഭ്യമായതായി കാണുന്നില്ല. എന്നാൽ ഈ തുകകൾ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ RP47 ഷെഡ്യൂളിൽ തുക നൽകിയ വിവരങ്ങൾ ലഭ്യമല്ല.

8.അക്രൂവൽ ഇനങ്ങളുടെ ഡി.സി.ബി.പരസ്പരം പൊരുത്തപ്പെടുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഇനങ്ങളുടെ വരവ്,ചെലവ്,നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യപത്രിക

പ്രകാരം പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | നീക്കിയിരിപ്പ്. |
|---|---|---|---|
| വസ്തു നികുതി റസിഡൻഷ്യൽ-തൻവർഷം | 2615212 | 1846186 | 791464 |
| വസ്തു നികുതി നോൺ റസിഡൻഷ്യൽ-തൻവർഷം | 4568618 | 2926542 | 1724180 |
| വസ്തു നികുതി റസിഡൻഷ്യൽ-അരിയർ | 1353501 | 362816 | 832160 |
| വസ്തു നികുതി നോൺ റസിഡൻഷ്യൽ-അരിയർ | 2132866 | 620613 | 1398205 |
| ഡി&ഓ ലൈസൻസ്-അരിയർ | - | 1800 | 0 |

9.ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

I.18 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി റസിഡൻഷ്യൽ, വസ്തു നികുതി നോൺ റസിഡൻഷ്യൽ എന്നിവ യഥാക്രമം 133699/-രൂപയും 79054/-രൂപയും ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ആയതിന്റെ ഭരണസമിതി തീരുമാനം ലഭ്യമാക്കാനാവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

10.റിക്കൺസിലേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ചുവടെ പറയുന്ന അക്കൗണ്ടുകളുടെ റിക്കൻസിലേഷൻ ലഭ്യമാക്കിയിട്ടില്ല.

| കോഡ് നം. | അക്കൗണ്ട് | തുക |
|---|---|---|
| 450210102 | SBI Currennt Account | 540197 |
| 450210104 | Federal Bank | 31415 |
| 450210105 | Bank Of Baroda | 214359 |
| 450230101 | District Co-operative Bank | 6766 |
| 450250102 | Treasury-own | 39996969 |
| 450250110 | Treasury TSB | 47 |
| 450410102 | SBI Saksharatha | 2516 |
| 450650109 | Treasury Special TSB | 1000000 |

11. തൊഴിലുറപ്പ് പദ്ധതി-നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 1631708 | 1631708 | 1004138 | 642570* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 95588000 | 95588000 | 95588000 | 0 |
| ആകെ | 0 | 97219708 | 97219708 | 96592138 | 642570* |

*അഡ്മിൻ ഇനത്തിൽ ആകെ വരവ് 1631708/-രൂപയും ആകെ ചെലവ് 1004138/-രൂപയും ആണ്. ആയതിൻ പ്രകാരം നീക്കിയിരിപ്പായി വരേണ്ട തുക 627570/-ആണ്. എന്നാൽ എ.എഫ്.എസിൽ ഇത് 642570/-ആണ്. 15000/-രൂപ വ്യത്യാസം കാണുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

11.മറ്റ് അപാകതകൾ

*.തൻവർഷത്തെ എല്ലാ ഫണ്ടുകളുടെയും ക്യാബിൽ വിവരങ്ങൾ, സോഴ്സ് ഡിഡക്ഷൻ തുകകളുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നു. വിവരങ്ങൾ ലഭ്യമാക്കിയില്ല.

*.ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച ഡി.ബി.റ്റി.പത്രിക ലഭ്യമാക്കിയില്ല. ആയതിനാൽ നൽകിയ തുകകളുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

*.എ.സി.ആർ.പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവും വികസനഫണ്ട്. ടി.എസ്.പി.ഇനത്തിൽ 16000/-രൂപ ചെലവ് കാണുന്നു. എന്നാൽ സുലേഖ പത്രികയിൽ ഈയിനത്തിൽ ചെലവില്ല. വെറ്റിനറി സർജന്റെ ബിൽബുക്ക് പ്രകാരം (ബിൽ നം)16000/-രൂപ ചെലവ് വന്നിട്ടുണ്ട്. 186/21 നമ്പറായി ആട്ടുവളർത്തൽ (ടി.എസ്.പി.) പദ്ധതിയുടെ പ്രോജക്ട് ഫോം ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഈ പദ്ധതിയ്ക്ക് വെറ്റിംഗ് ലഭിച്ചതായി വ്യക്തമല്ല.

## 1-3 ഗ്രാന്റ് വിനിയോഗം.

| ഗ്രാന്റ് | മുന്നിരിപ്പ് | എ.സി.ആർ പ്രകാരമുള്ള വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22679287 | 22679287 | 18398124 | 4281163 |
| വികസന ഫണ്ട് (SCP) | 0 | 10258797 | 10258797 | 8120852 | 2137945 |
| വികസന ഫണ്ട് (TSP) | 0 | 328000 | 328000 | 16000 | 312000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 0 | 22452906 | 22452906 | 12593361 | 9859545 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 10370000 | 10370000 | 302124 | 10067876 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 31067000 | 31067000 | 30897343 | 169657 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 7414241 | 7414241 | 7265487 | 148754 |

1-3-1മറ്റ് ഫണ്ടുകൾ.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| MNREGS | 0 | 1631708 | 1631708 | 1004138 | 627570 |
| ICDS | 16063 | 1074001 | 1090064 | 767887 | 322177 |
| Literacy Scheme Grant | 1280 | 68 | 1348 | 68 | 1280 |
| Grant From Suthithwa Mission | 1099480 | 4475216 | 5574696 | 3370797 | 2203899 |
| Total Sanitation | 899958 | 0 | 899958 | 0 | 899958 |
| Grant-Other Govt Agencies | 58305 | 506563 | 564868 | 35543 | 529325 |
| Beneficiary Contribution | 68385 | 149765 | 218150 | 123007 | 95143 |

1-3-2പദ്ധതി ചെലവുകൾ എ.സി.ആർ പ്രകാരവും ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | ACR/AFS | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ACR | 22679287 | 18398124 | 4281163 |
| | GUS | 22679287 | 24008515 | -1329228 |
| വികസന ഫണ്ട് (SCP) | ACR | 10258797 | 8120852 | 2137945 |
| | GUS | 10258804 | 8191712 | 2067092 |
| വികസന ഫണ്ട് (TSP) | ACR | 328000 | 16000 | 312000 |
| | GUS | 328000 | 0 | 328000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | ACR | 22452906 | 12593361 | 9859545 |
| | GUS | 22452906 | 11398361 | 11054545 |

| | | | | |
|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | ACR | 10370000 | 302124 | 10067876 |
| | GUS | 10370000 | 302124 | 10067876 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ACR | 31067000 | 30897343 | 169657 |
| | GUS | 31067000 | 23718142 | 7348858 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | ACR | 7414241 | 7265487 | 148754 |
| | GUS | 7414241 | 4907582 | 2506659 |

1-3-3സുലേഖ പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തലുകളും ചെലവുകളും.

| ഗ്രാന്റ് | മേഖല | | | | | |
|---|---|---|---|---|---|---|
| | ഉല്പാദനം | | സേവനം | | പശ്ചാത്തലം | |
| | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| വികസന ഫണ്ട്-ജനറൽ | 8848832 | 7775281 | 23185144 | 15496527 | 825000 | 736707 |
| വികസന ഫണ്ട് (SCP) | 1417000 | 1345000 | 8406410 | 5053099 | 2687331 | 1793613 |
| വികസന ഫണ്ട് (TSP) | 264000 | 0 | 48000 | 0 | 312000 | 0 |

## 1-4 പദ്ധതി അവലോകനം

1.പദ്ധതി അടങ്കൽ/ചെലവ് വിവരങ്ങൾ.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 265 | 217 | 48 | 235922420 | 98424084 | 41 |

2.നിർവഹണ ഉദ്യോഗസ്ഥർ വിഭാഗം

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 22 | 18 | 4 | 3465607 | 1520896 | 43.88 |
| വെറ്ററിനറി സർജൻ | 7 | 6 | 1 | 4180000 | 2541093 | 60.79 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 13 | 10 | 3 | 4420470 | 3093702 | 69.98 |
| ഹെഡ് മാസ്റ്റർ. | 5 | 4 | 1 | 1535700 | 802718 | 52.27 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 10 | 10 | 0 | 2088050 | 2056997 | 98.51 |
| വി.ഇ.ഒ | 23 | 22 | 1 | 98952372 | 20945886 | 21.16 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 9 | 8 | 1 | 8280371 | 5104303 | 61.64 |
| സെക്രട്ടറി | 33 | 21 | 12 | 29583816 | 11800161 | 39.88 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 123 | 101 | 22 | 65093026 | 41434338 | 63.65 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 7 | 7 | 0 | 12398000 | 6902211 | 55.67 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 10 | 3 | 5925008 | 2221779 | 37.49 |
| ആകെ | 265 | 217 | 48 | 235922420 | 98424084 | 41 |

3.ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം).

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| പൊതുവിഭാഗം ജനറൽ | 32858976 | 24008515 |
| എസ്.സി.പി. | 12510741 | 8191712 |
| ടി.എസ്.പി. | 312000 | 0 |
| ധനകാര്യകമ്മിഷൻ അവാർഡ് | 19365767 | 11700485 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2355000 | 1260884 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 12964298 | 4035000 |
| തനത് ഫണ്ട്. | 16183815 | 8546164 |

| | | |
|---|---|---|
| ബ്ലോക്ക് വിഹിതം | 7474276 | 3018532 |
| ജില്ലാ വിഹിതം | 10224977 | 2467653 |
| മെയിന്റനൻസ് റോഡ് | 30803658 | 23718142 |
| മെയിന്റനൻസ് നോൺ റോഡ് | 5633652 | 4907582 |
| മറ്റുള്ളവ | 84335260 | 6569415 |
| ആകെ | 235922420 | 98424084 |

4എസ്.സി.പി,ടി.എസ്.പി.ഫണ്ടുകൾ പാഴാക്കി.

വിവിധ പദ്ധതികൾക്കായി വിവിധ നിർവഹണോദ്യോഗസ്ഥർ വകയിരുത്തിയ എസ്.സി.പി,ടി.എസ്.പി.ഫണ്ടുകൾ തൻവർഷം ചെലവഴിച്ചിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതി പേര് | അടങ്കൽ/ഫണ്ട്. | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 319/21 | ലൈഫ് ഭവന നിർമ്മാണം | 2545.(എസ്.സി.പി) | വി.ഇ.ഓ |
| 117/21 | മാങ്കോട്ടുകോണം എസ്.സി.നടപ്പാത കോൺക്രീറ്റിംഗ് | 827071 (എസ്.സി.പി) | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6/21 | പാഥേയം | 53680 (എസ്.സി.പി) | അസിസ്റ്റന്റ് സെക്രട്ടറി |
| 57/21 | പട്ടികവർഗക്കാർക്ക് വാട്ടർടാങ്ക് | 48000 (ടി.എസ്.പി) | അസിസ്റ്റന്റ് സെക്രട്ടറി. |
| 360/21 | സുഭിക്ഷകേരളം- | 264000 (ടി.എസ്.പി) | വെറ്റിനറി സർജൻ. |

സർക്കാർ ഉത്തരവ് (കൈ)നം11/2018.ത.സ്വ.ഭ.വ.തീയതി.29.01.2018 ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപ പദ്ധതി വിഹിതവും ഖണ്ഡിക 6.2.1 പ്രകാരം പട്ടിക വർഗ ഉപപദ്ധതി വിഹിതവും ഫണ്ടുകൾ പാഴാക്കാൻ പാടില്ല. എന്നാൽ ഈ നിർദ്ദേശം ഇവിടെ പാലിച്ചിട്ടില്ല. ലഭ്യമാക്കുന്ന ഫണ്ടുകൾ ഫലപ്രദമായും പൂർണമായും വിനിയോഗിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.മറ്റ് വിഭാഗങ്ങൾ/ഇനങ്ങൾ.

| ഇനം | ബജറ്റ് ലഭ്യതപ്രകാരം വകയിരുത്തേണ്ട തുക | സുലേഖ പത്രിക പ്രകാരം വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 2976580 | 5465275 | 4607537 | 84.30 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ | 1488290 | 4421090 | 1837373 | 41.55 |
| വയോജനങ്ങൾ,പാലിയേറ്റീവ് കെയർ. | 1488290 | 1670000 | 1520000 | 91.01 |
| പൊതുഭരണം-സാധാരണം-പശ്ചാത്തലം. | 5683440 | 825000 | 736707 | 89.29 |
| പൊതുവിഭാഗം-എസ്.സി.പി.(പശ്ചാത്തലം) | 3147900 | 2687331 | 1793613 | 66.74 |
| പൊതുവിഭാഗം-ടി.എസ്.പി. പശ്ചാത്തലം | 98400 | ഇല്ല. | ഇല്ല. | 0 |
| യുവജനവികസനം | ഇല്ല | 600000 | 520848 | |

## 1-5 2020-2021 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 152280 | 212 |
| കർഷക തൊഴിലാളി പെൻഷൻ | 6134800 | 2465 |
| വിധവ പെൻഷൻ | 27208300 | 10450 |
| വാർദ്ധക്യകാല പെൻഷൻ | 54212100 | 22143 |
| വികലാംഗ പെൻഷൻ | 7803700 | 3048 |
| വിവാഹ ധന സഹായം | 540000 | 18 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1150800 | 451 |

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.04.2022 തീയതി ഉച്ചയ്ക്കശേഷം 12.35 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20134/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായി ചുവടെ പറയുന്ന വിഷയങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1)ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിക്കേണ്ടതാണ്. ഓഫീസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ റിവ്യൂ മീറ്റിംഗുകൾ കൂടിയിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല

3)മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എല്ലാ പ്രോജക്ടിലും ഉൾപ്പെടുത്തേണ്ടതാണ്.

4)വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

5)ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

6)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7)ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
8)ഗ്രാമ പഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനായി ജനറൽ കമ്മിറ്റി എടുത്ത തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-8 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 1631708 | 1631708 | 1004138 | 642570* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 95588000 | 95588000 | 95588000 | 0 |
| ആകെ | 0 | 97219708 | 97219708 | 96592138 | 642570* |

*അഡ്മിൻ ഇനത്തിൽ ആകെ വരവ് 1631708/-രൂപയും ആകെ ചെലവ് 1004138/-രൂപയും ആണ്. ആയതിൻ പ്രകാരം നീക്കിയിരിപ്പായി വരേണ്ട തുക 627570/-ആണ്. എന്നാൽ എ.എഫ്.എസിൽ ഇത് 642570/-ആണ്. 15000/-രൂപ വ്യത്യാസം കാണുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.10.2021 | 8/2021 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/03/21 മുതൽ 31/03/21 വരെ | 2014-15 മുതൽ 2019-20 വരെ | 02.08.2021 |

## 1-10 ജാഗ്രതാസമിതി പ്രവർത്തനങ്ങൾ നിഷ്ക്രീയം

ജാഗ്രതാ സമിതി (സ.ഉ (എം.എസ്) 21/07/സാ.ക്ഷേ.വ ഖണ്ഡിക 1.23) ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം. ജാഗ്രതാ സമിതി കൂടി ഇത് വിലയിരുത്തി വാർഡ് തല പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ കൃത്യമായ അവലോകന യോഗങ്ങൾ ചേർന്ന് മിനിട്സ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ സജീവമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2020-21 സാമ്പത്തിക വർഷം ജാഗ്രതാ സമിതി പദ്ധതിക്കായി അടങ്കൽ തുക വകയിരുത്തുകയോ ജാഗ്രതാ സമിതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായോ കാണുന്നില്ല. ആയതിനുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ 11.04.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.15 ന് നൽകിയ മറുപടിയിൽ 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ ജാഗ്രതാ സമിതി പ്രവർത്തനം നടത്തിയിരുന്നതായും ആയതിലേക്ക് ജൻഡർ റിസോഴ്സ് ഫെസിലിറ്റേറ്ററുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല,കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോവിഡ് സാഹചര്യം ആയതിനാൽ പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നില്ലായെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 റോഡ് പ്രവൃത്തികൾ ഏറ്റെടുക്കൽ മാർഗരേഖ പാലിച്ചിട്ടില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് നിർവഹണം നടത്തിയ റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഏറ്റെടുത്തിരിക്കുന്നത് .

സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക 7.13 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തോ ഈ സാമ്പത്തിക വർഷത്തിലോ ഇത്തരം ഒരു പദ്ധതി ഏറ്റെടുത്തിട്ടില്ല. സർക്കാർ നിർദ്ദേശം പാലിച്ച് റോഡ് പദ്ധതികൾ ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. മേൽ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ 09/2021 പ്രകാരം നിർവഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്.

## 1-12 ഏറ്റെടുത്ത സ്പിൽ ഓവർപ്രോജക്ടുകൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല.

ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു. ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ | മറുപടി വിവരം ( ഓഡിറ്റ് എൻക്വയറി നം 8 /2022) |
|---|---|---|---|---|
| 1 | 198/21 | മൊളിയൂർ പുതുവക്കൽ റോഡ് പുനരുദ്ധാരണം | 12450000/- | തുടർ വർഷത്തിൽ പൂർത്തീകരിച്ചുവെന്ന് മറുപടി ലഭ്യമാക്കി. |
| 2 | 218/21 | ആയുർവേദ ആശുപത്രിയിൽ സ്ത്രീസൗഹൃദ ടോയ്ലറ്റ് നിർമ്മാണം. | 200000/- | തുടർ വർഷത്തിൽ പൂർത്തീകരിച്ചുവെന്ന് മറുപടി ലഭ്യമാക്കി. |
| 3 | 228/21 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ കക്കൂസ് നിർമ്മാണം. | 200000/- | തുടർ വർഷത്തിൽ പൂർത്തീകരിച്ചുവെന്ന് മറുപടി ലഭ്യമാക്കി. |
| 4 | 231/21 | പൊന്നാരംകോണം പൊട്ടുവിള നടപ്പാത നിർമ്മാണം. | 750000/- | മറുപടി ലഭ്യമാക്കിയില്ല. |
| 6 | 243/21 | ആയുർവേദാശുപത്രി നവീകരണം. | 50000/- | തുടർ വർഷത്തിൽ പൂർത്തീകരിച്ചുവെന്ന് മറുപടി ലഭ്യമാക്കി. |

| | | | | |
|---|---|---|---|---|
| 7 | 288/21 | 63-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം. | 614239/- | പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു. |

ഏറ്റെടുക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾ അതേ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 പ്രവൃത്തികളുടെ പൂർത്തീകരണത്തോടടുപ്പിച്ച് എസ്റ്റിമേറ്റ് പുതുക്കലിന് അംഗീകാരം നൽകി.പൊതുമരാമത്ത് മാന്വലിന് വിരുദ്ധം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/pwd/dtd 01.02.2012സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്)72/2017 ത,സ്വ.ഭ.വ തീയതി 29-03-2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലാ എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ച ശേഷമോ/പൂർത്തീകരണത്തോടടുത്തോ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതി പൂർത്തീകരിച്ച തീയതി | പദ്ധതി റിവൈസ് ചെയ്യാനുള്ള ഭരണ സമിതി തീരുമാനം |
|---|---|---|---|
| 1. | ഇളവങ്കോണം തോട്ടിൻകര സൈഡ് വാൾ/ഓടനിർമ്മാണം.(158/2021) | 30.01.2021. | തീരുമാനം.നം.1(3)തീയതി.27.01.2021 |
| 2. | ചെറ്റാടിക്കുളം റോഡിന് പാർശ്വഭിത്തി നിർമ്മാണം.(205/2021) | 24/03/2021 | തീരുമാനം.നം.1(12)തീയതി.10.03.2021 |
| 3. | ഉദയംകോണം കുളത്തിൻകര സൈഡ് വാൾ(242/2021) | 29.07.2020 | തീരുമാനം.നം.1(5)തീയതി.17.07.2020 |
| 4. | ആലംകോട് ക്ഷേത്രം സൈഡ് വാൾ.(245/2021) | 26.02.2021 | തീരുമാനം.നം.1(12)തീയതി.16.02.2021 |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, പദ്ധതി രൂപീകരണ മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ പതിയേണ്ടതാണ്.

## 1-14 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം അംഗീകാരം ലഭിച്ച പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തതായി കാണുന്നു. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം പലഎസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു. ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(p)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ള്യൂ.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി | അടങ്കൽ | ചെലവ് | എസ്റ്റിമേറ്റ് പുതുക്കൽ ഭരണസമിതി തീരുമാനം | എസ്റ്റിമേറ്റ് പുതുക്കാനുള്ള കാരണം |
|---|---|---|---|---|---|
| 1 | ളുവലോർക്കോണം റോഡ് സൈഡ് വാൾ.(പദ്ധതി നം.163/21) | 450000/- | 348069/- | തീരുമാനം.1(4)തീയതി.27.01.20 | സൈഡ് വാൾ നിർമ്മിക്കേണ്ടിയിരുന്ന ഭാഗത്ത് ബ്ലോക്ക് പഞ്ചായത്ത് സൈഡ് |

| | | | | | |
|---|---|---|---|---|---|
| | | | | | വാൾ നിർമ്മിച്ചതിനാൽ പ്രവൃത്തിയിൽ മാറ്റം വരുത്തി. |
| 2 | പുല്ലുവിളാകം പൂച്ചപ്പാറ റോഡ് കോൺക്രീറ്റ് &സൈഡ് വാൾ. (93/21) | 650000/- | 523327/- | 1(7)-27.01.2021 | റോഡിന് കോൺക്രീറ്റ് ചെയ്യാൻ ഉദ്ദേശിച്ചിരുന്ന ഭാഗത്ത് വീതി കുറവായതിനാലും മറു ഭാഗത്ത് വീതി കുറഞ്ഞ കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മിക്കേണ്ടതിനാലും. |

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ലാ എന്നതിന്റെ തെളിവാണ്.

## 1-15 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

08.04.2022 ൽ 13 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അടുത്ത ഓഡിറ്റിനു ഹാജരാക്കുന്നതാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-16 ലൈസൻസ് നൽകൽ കാര്യക്ഷമമല്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 364 സ്ഥാപനങ്ങൾ/കടകൾ മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ കണക്കുകളനുസരിച്ച് 21 വാർഡുകളിലായി 2774 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ സമാഹരിക്കുന്ന തുക തനതു ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും ലൈസൻസ് നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കൂടാതെ ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ജീവനേയും സ്വത്തിനേയും നേരിട്ടു ബാധിക്കുന്നവയായതിനാലും ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

ഇതു സംബന്ധിച്ച് 08.04.2022 ൽ 13 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യത്തിൽ മിക്ക കടകളും പ്രവർത്തനരഹിതമായിരുന്നെന്നു വ്യക്തമാക്കിയിട്ടുണ്ട്.

## 1-17 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 07, പട്ടിക II (31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയത്) നിഷ്കർഷിക്കും പ്രകാരം വ്യാപാര സ്ഥാപനങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ച് അവയുടെ മൂലധന നിക്ഷേപത്തിനനുസൃതമായി വാർഷിക ലൈസൻസ് ഫീ നിശ്ചയിക്കുകയോ ആയത് പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ വിറ്റുവരവ്, മൂലധന ചെലവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഏതു മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച് 08.04.2022 ൽ 13 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപേക്ഷകളിൽ നിർബന്ധമായും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിൽ തനത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നതാണ്.

## 1-18 കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല

കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2020-2021 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നു. കേരള പഞ്ചായത്ത്‌രാജ് ആക്ട്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്." ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് വേണമെന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത്തരത്തിൽ 2020-2021 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

1. പുണർതം ഓഡിറ്റോറിയം, ഇളവൻകോണം, ചായ്ക്കുളം
2. എസ്. എൻ ഹാൾ, മൊളിയൂർ റോഡ്, കാട്ടാക്കട
3. സി. എസ്. ഐ ചർച്ച് ഹാൾ, പ്ലാവൂർ
4. സി. എസ്. ഐ ചർച്ച് ഹാൾ, കാട്ടാക്കട
5. ജയവിനായക ഓഡിറ്റോറിയം, കാട്ടാക്കട
6. ദേവി കല്യാണമണ്ഡപം, കാട്ടാക്കട
7. കെ. ജി. കെ. പി ഹാൾ, മംഗലയ്ക്കൽ
8. കൃപ ഓഡിറ്റോറിയം, ത്തുങ്ങാംപാറ

ഇതു സംബന്ധിച്ച് 08.04.2022 ൽ 13 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനുവദിക്കേണ്ട ചട്ടങ്ങളും നിയമങ്ങളും സംബന്ധിച്ച് വ്യക്തതയില്ലാത്തതാകുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും സ്ഥാപന നികുതിയും അടിയന്തരമായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 1-19 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

റേഷൻ കടകളിൽനിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (സി. എസ്)എ9-764/2019 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് കൂടാതെ 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്.

ഇതു സംബന്ധിച്ച് 08.04.2022 തീയതിയിൽ 13 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ലെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-20 അപേക്ഷയോടൊപ്പമുള്ള അന്വേഷണ റിപ്പോർട്ട് ഫലപ്രദമല്ല

2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ കുതിരശക്തിയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല എന്നതു മാത്രമല്ല ഇതോടൊപ്പമുള്ള അന്വേഷണ റിപ്പോർട്ടുകളിൽ കാര്യമായ വിവരങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. മിക്കവാറും അന്വേഷണ റിപ്പോർട്ടുകളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന വാർഡുകളുടെ പേര് മാത്രമാണുള്ളത്. ചില അപേക്ഷകളോടൊപ്പം അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നമ്പർ, കെട്ടിടങ്ങളുടെ തരം (ഉപയോഗക്രമം), അപേക്ഷകളിൽ പറഞ്ഞിട്ടുള്ള കച്ചവടം തന്നെയാണോ ചെയ്യുന്നത്, കുതിരശ്ശക്തിയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ കൂടിയെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. ചുരുങ്ങിയപക്ഷം ഫർണ്ണിച്ചർ നിർമ്മാണം, വെൽഡിംഗ് വർക്സ്, ഹോളോബ്രിക്സ് നിർമ്മാണം, സാമിൽ, ഫ്ലവർമിൽ, ലെയ്ത്ത് വർക്സ് ഇത്യാദി സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അന്വേഷണ റിപ്പോർട്ടുകളിലെങ്കിലും യന്ത്രങ്ങളുടെ കുതിരശ്ശക്തി സംബന്ധിച്ച വിവരവും കൂടി ഉൾപ്പെടുത്തേണ്ടതാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള ഇത്തരം ജാഗ്രതക്കുറവ് തനത് ഫണ്ടിലേയ്ക്കുള്ള വരുമാന നഷ്ടത്തിനു കാരണമാകുന്നു.

ഇതു സംബന്ധിച്ച് 08.04.2022 ൽ 13 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇനി മുതൽ ഫലപ്രദമായ അന്വേഷണ റിപ്പോർട്ട് എഴുതി സൂക്ഷിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204, 1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 9, 10 എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 08.04.2022 ൽ 12 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയിലൂടെ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള ഡിമാന്റ് നോട്ടീസ്/ബില്ല് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ /കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 1-22 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 4,5 എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. മുൻകാല ലൈസൻസ് രജിസ്റ്ററിൽ ഈ സ്ഥാപനങ്ങളുടെ പേര് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതിൽ ചില സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി സാധനങ്ങളും സേവനങ്ങളും (വൗച്ചറുകളുടെ പരിശോധന) പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ചലഞ്ച് ഫുട്ട്‌വെയർ, കാട്ടാക്കട

2. ഭഗവതി സ്റ്റോഴ്സ്, കാട്ടാക്കട

3. സിനാൻ ഫുട്ട്‌വെയർ & ഫാൻസി, കിള്ളി

4. സി. എസ് ഓഫ്സെറ്റ് പ്രസ്സ്

5. പ്രിൻസി മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, കാട്ടാക്കട

6. മോർണിംഗ് സ്റ്റാർ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, ചാരുപാറ

7. ഹോട്ടൽ ഡീലക്സ്, കാട്ടാക്കട

8. നസ്കോ ഫാഷൻ ജ്വവലറി, കാട്ടാക്കട

9. ഭഗവതി ടെക്സ്റ്റൈൽസ്, കാട്ടാക്കട

10. സഹ്യ ഫുട്ട്‌വെയർ, കാട്ടാക്കട

11. തീർത്ഥ ഗോൾഡ് പാലസ്, കാട്ടാക്കട

12.എസ്. കെ. വി ബേക്കറി & ഫ്രൂട്സ് സ്റ്റാൾ, കാട്ടാക്കട

13. ലുക്ക് ഒപ്റ്റിക്കൽസ്, കെ. എസ്. ആർ. ടി. സി ഷോപ്പിംഗ് കോംപ്ലക്സ്, കാട്ടാക്കട

14. പി. കെ ടൈംസ്, കെ. എസ്. ആർ. ടി. സി ഷോപ്പിംഗ് കോംപ്ലക്സ്, കാട്ടാക്കട

15. സീമാസ് സിൽക്സ്, കെ. എസ്. ആർ. ടി. സി ഷോപ്പിംഗ് കോംപ്ലക്സ്, കാട്ടാക്കട

16. ചിത്ര ഗോൾഡ് പാലസ്, കാട്ടാക്കട

17. നാഷണൽ ഫർണ്ണിച്ചർ & ഗിഫ്റ്റ് സെന്റർ, കാട്ടാക്കട

18. നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ്, മാർക്കറ്റ് റോഡ്, കാട്ടാക്കട

19. ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസി മെഡിക്കൽസ്, കാട്ടാക്കട

20. നൈസ് ബേക്കറി, കാട്ടാക്കട

21. ഐശ്വര്യ ഫാൻസി & റെഡിമെയ്ഡ്സ്, കാട്ടാക്കട

22. കൈലാസ് മെഡിക്കൽസ്

23. ഭാമാ ജ്വവലറി

24. ആഗാ മെഡിക്കൽസ്

25. അഞ്ജലി ഫാഷൻ ജ്വവലറി, കാട്ടാക്കട

26. സുചിത്ര മെറ്റൽസ്, കാട്ടാക്കട

27. ഷൂ പാർക്ക്, കാട്ടാക്കട

28. ഡിവൈൻ ഒപ്റ്റിക്കൽസ്, കാട്ടാക്കട

29. ആൽഫ ഡിജിറ്റൽ സ്റ്റുഡിയോ, കാട്ടാക്കട

30. വിഷ്ണു ഇലക്ട്രോണിക്സ്, കാട്ടാക്കട

31. നയന സ്റ്റുഡിയോ, കാട്ടാക്കട

32. മഹേശ്വര എന്റർപ്രൈസസ്, കാട്ടാക്കട

33. ഐശ്വര്യ സ്റ്റോർ, കാട്ടാക്കട

34. വെറൈറ്റി സ്റ്റോഴ്സ്, കാട്ടാക്കട

35. മദർ തെരേസ മംഗല്യ സഹായി, കാട്ടാക്കട

36. ഗ്ലാസ് പോയിന്റ്, കാട്ടാക്കട

37. മുകേഷ് ജ്വവലറി, കാട്ടാക്കട

38. പാർവ്വതി ഏജൻസി, കാട്ടാക്കട

39. സലാല മൊബൈൽസ്, കാട്ടാക്കട

40. ശ്രീ ഗണേഷ് സ്റ്റോഴ്സ്, കാട്ടാക്കട

41. അനശ്വര സ്റ്റോഴ്സ്, മംഗലയ്ക്കൽ

42. കക്കു ഫാൻസി, മംഗലയ്ക്കൽ

43. ഹരിത സ്റ്റോഴ്സ്, മംഗലയ്ക്കൽ

44. കൃഷ്ണ സൈക്കിൾ വർക്ക്ഷോപ്പ്, മംഗലയ്ക്കൽ

45. മഹി സ്റ്റോഴ്സ്, മംഗലയ്ക്കൽ

46. കെ. ജി. കെ. പി ഹാൾ, മംഗലയ്ക്കൽ

47. കന്യക ടെക്സ്റ്റൈൽസ്, മംഗലയ്ക്കൽ

48. ഗോകുലം ബേക്കറി, മംഗലയ്ക്കൽ

49. വി.ജെ സ്റ്റോഴ്സ്, കാനക്കോട്

50. ലില്ലി മെഡിക്കൽസ്, ആമച്ചൽ

51. എക്സ്സർവ്വീസ്മാൻ സ്റ്റോഴ്സ്, കൊല്ലകോണം

52. ആമച്ചൽ ക്ഷീരോല്പാദക സഹകരണ സംഘം

53. കൃപ കല്യാണമണ്ഡപം, ഉണ്ടാംപാറ

54. സജന സ്റ്റോഴ്സ്, ആമച്ചൽ

55. എസ്. ആർ എയർ ട്രാവൽസ്, കാട്ടാക്കട

56. സ്റ്റൈൽ & സ്റ്റൈൽ മെൻസ് കളക്ഷൻസ്, കാട്ടാക്കട

57. വി. കെ ഏജൻസീസ്, കാട്ടാക്കട

58. ഫാഷൻ ഹബ്, കാട്ടാക്കട

59. മമൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, കാട്ടാക്കട

60. സുശ്രുത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവ്വേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ ഹോസ്പിറ്റൽ, കാട്ടാക്കട

61. മാവേലി സ്റ്റോർ, കാട്ടാക്കട

ഇതു സംബന്ധിച്ച് 08.04.2022 തീയതിയിൽ 12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയിൽ സ്ഥാപന നികുതി ഒടുക്കു വരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-23 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. കേശവ് മെമ്മോറിയൽ ഹോമിയോ ഡിസ്പെൻസറി, കാട്ടാക്കട

2. നിറ്റു സൂപ്പർ മാർക്കറ്റ്, കാട്ടാക്കട, കിള്ളി

3. സ്വിസ്സ് ഡെന്റൽ ക്ലിനിക്, കെ. എസ്. ആർ. ടി. സി, കോംപ്ലക്സ്, കാട്ടാക്കട

4. ഡോക്ടർ വിജ്ജൂസ് കോസ്മെറ്റിക് ഡെന്റൽ ക്ലിനിക്, ബസ് സ്റ്റാന്റിനു സമീപം, കാട്ടാക്കട

5. കിള്ളി പട്ടിക ജാതി - പട്ടിക വർഗ്ഗ സർവ്വീസ് സഹകരണ ബാങ്ക്

6. ദയാൻ ഫിസിയോ തെറാപ്പി & റീഹാബിലിറ്റേഷൻ ക്ലിനിക്, കാട്ടാക്കട

7. ചിത്രാ ബാങ്കേഴ്സ്, കാട്ടാക്കട

8. വേലായുധം ബാങ്കേഴ്സ് സ്വർണ്ണ പണയ സ്ഥാപനം, കാട്ടാക്കട

9. ആര്യ ക്ലിനിക്കൽ ലബോറട്ടറി, കാട്ടാക്കട

10. അശ്വതി ക്ലിനിക്കൽ ലാബ് & ഇ. സി. ജി, കാട്ടാക്കട

11. കെ. എൽ. എം ആക്സിവ ഗോൾഡ് ലോൺ, കാട്ടാക്കട

12. ഡോക്ടർ റിജിൻസ് ഹെൽത്ത് കെയർ ഹോമിയോപ്പതിക് ക്ലിനിക്, രത്നപ്രഭ ബിൽഡിംഗ്, കാട്ടാക്കട

13. നവോദയ സ്റ്റോഴ്സ് & സൂപ്പർ മാർക്കറ്റ്, കാട്ടാക്കട

14. ഇൻഡൽ മണി ഗോൾഡ് ലോൺ, കാട്ടാക്കട

15. സായി ദന്താശുപത്രി തിരുവനന്തപുരം റോഡ്, കാട്ടാക്കട

16. അരുൺ ഹോമിയോപ്പതിക് മെഡിക്കൽ സെന്റർ, കാട്ടാക്കട

17. സുപ്രിയ, കാട്ടാക്കട

18. ന്യൂട്ടോൺ, കാട്ടാക്കട

19. ശിശക്തി ലബോറട്ടറി, ഇ. സി.ജി, സ്കാൻ സെന്റർ, കാട്ടാക്കട

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇത് സംബന്ധിച്ച് 08.04.2022 തീയതിയിൽ 12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കു വരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നികുതികൾ പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-24 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള വെള്ളൂർക്കോണം ശ്രീ മഹാവിഷ്ണു ക്ഷേത്രം ദേവസ്വം, ചന്ദ്രമംഗലം ശ്രീ മഹാവിഷ്ണു ക്ഷേത്രം ദേവസ്വം, തൃക്കാഞ്ഞിരപുരം ശ്രീ മഹാദേവ ക്ഷേത്രം ദേവസ്വം, പൊട്ടൻകാവ് ശ്രീ ശാസ്താ ക്ഷേത്രം ദേവസ്വം, കാട്ടാക്കട ശ്രീ ശാസ്താ ക്ഷേത്രം ദേവസ്വം എന്നീ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധ വർഷത്തെയും) തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനത്തിന്റെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇത് സംബന്ധിച്ച് 08.04.2022 തീയതിയിൽ 12 എന്നീ നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഒടുക്കു വരുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വർഷത്തെ തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-25 അഭിഭാഷകരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കാട്ടാക്കട കേന്ദ്രമാക്കി സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ഇക്കാരണത്താൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ നഷ്ടം ഉണ്ടായിട്ടുള്ളത്. നിരവധി പേരാണ് കാട്ടാക്കട പഞ്ചായത്ത് പ്രദേശത്ത് അഭിഭാഷകവൃത്തിയിലേർപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച് 08.04.2022 തീയതിയിൽ 12 എന്നീ നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ "തൊഴിൽ നികുതി ഈടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണെന്നു" വ്യക്തമാക്കിയിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരവും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(എ) പ്രകാരവും പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർ തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ അഭിഭാഷകരിൽനിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2011-12 സാമ്പത്തിക വർഷം മുതലുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തുനികുതി നിരക്ക് | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| സബ് ഡിവിഷണൽ എഞ്ചിനീയർ, ബി. എസ്. എൻ. എൽ, | 12 | 646 | 3308 | 31228 | 2011-12 To 2020-21 |

| | | | | | |
|---|---|---|---|---|---|
| നെയ്യാറ്റിൻകര | | | | | |
| സബ് ഡിവിഷണൽ എഞ്ചിനീയർ, ബി. എസ്. എൻ. എൽ മൊബൈൽ സർവ്വീസ്, നെയ്യാറ്റിൻകര | 19 | 622 | 17010 | 136080 | 2013-14 To 2020-21 |

ഇതു സംബന്ധിച്ച് 11.04.2022 ൽ നൽകിയ 23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ WP (C) നം. 831/2020 മേലുള്ള 19.03.2020 ലെ ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി ബഹു. ഹൈക്കോടതി തടഞ്ഞിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-27 പെർമിറ്റ് ഫീസ് ഈടാക്കിയതിലെ കറവു കാരണം പഞ്ചായത്തിനു വരുമാന നഷ്ടം

2020-2021 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിലെ കറവു കാരണം പഞ്ചായത്തിനു വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഷെഡ്യൂൾ II ചട്ടം 11(3) പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള ഫീസ് നിരക്ക് നിർണ്ണയിച്ചിട്ടുണ്ട്. പാർപ്പിടാവശ്യ കെട്ടിടങ്ങൾക്ക് 150 ചതുരശ്ര മീറ്റർ വരെ ചതുരശ്ര മീറ്ററിന് 3.5 രൂപ നിരക്കിലും 150 ചതുരശ്ര മീറ്ററിന് മുകളിലാണെങ്കിൽ ചതുരശ്ര മീറ്ററിന് 7/- രൂപ നിരക്കിലും വാണിജ്യാവശ്യ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 10/- രൂപ നിരക്കിലുമാണ് പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ചില കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നിരക്കിൽ നിന്നും കുറവായി പെർമിറ്റ് ഫീസ് ഈടാക്കിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| അപേക്ഷയുടെ നമ്പരും തീയതിയും | A4 – 5996/20<br>25.08.2020 |
| അപേക്ഷകന്റെ പേരും മേൽവിലാസവും | ശ്രീ. അനൂപ്. എ. പി, എ. പി നിവാസ്, കാരീഞ്ചൽ, അമ്പലത്തിൻകാല |
| വിസ്തീർണ്ണം | 150.96 M2<br>16.34m2<br>167.30 |
| കെട്ടിടത്തിന്റെ തരം (ഒക്യുപ്പൻസി) | പാർപ്പിടം (റെസിഡൻഷ്യൽ) |
| പെർമിറ്റ് നമ്പരും തീയതിയും | A4 – 5996/20 Dt. 24.09.2020 |
| ഈടാക്കിയ പെർമിറ്റ് ഫീസും രസീത് നമ്പരും | 586/-രൂപ, 120040102170/ 24.09.2020 |
| ഈടാക്കേണ്ട പെർമിറ്റ് ഫീസ് | 1171/- രൂപ |
| യഥാർത്ഥ തുകയിൽ നിന്നും കുറവായി ഈടാക്കിയ തുക | 1171-586=585 |

2.

| | |
|---|---|
| അപേക്ഷയുടെ നമ്പരും തീയതിയും | A4 – 6114/20<br>04.09.2020 |

| | |
|---|---|
| അപേക്ഷകന്റെ പേരും മേൽവിലാസവും | ശ്രീ. വിൽഫ്രഡ് ജോൺ. വി.ജെ, അനിൽ ഭവൻ, തലയ്ക്കോണം, കുരുതംകോട് |
| വിസ്തീർണ്ണം | 90.39 M2<br>53.56 M2<br>143.95 |
| കെട്ടിടത്തിന്റെ തരം (ഒക്യൂപ്പൻസി) | പാർപ്പിടം (റെസിഡൻഷ്യൽ) |
| പെർമിറ്റ് നമ്പരും തീയതിയും | A4 – 6114/20 Dt. 26.09.2020 |
| ഈടാക്കിയ പെർമിറ്റ് ഫീസും രസീത് നമ്പരും | 328/-രൂപ |
| ഈടാക്കേണ്ട പെർമിറ്റ് ഫീസ് | 504/- രൂപ |
| യഥാർത്ഥ തുകയിൽ നിന്നും കുറവായി ഈടാക്കിയ തുക | 504-328=176 |

പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിനാൽ ഇത്തരത്തിൽ തനത് ഫണ്ടിനുണ്ടായ വരുമാന നഷ്ടം (585+176) 761/-രൂപയാണ്. ഈ രീതിയിലുള്ള വരുമാന നഷ്ടം പഞ്ചായത്തിനുണ്ടായത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ജാഗ്രതക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഇത്തരത്തിലുണ്ടായ വരുമാനനഷ്ടം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 243(3) നിഷ്കർഷിക്കും പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ ഒടുക്കേണ്ടതും വിവരം യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് 13.04.2022 ൽ 29 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ ബാക്കി വന്ന പെർമിറ്റ് ഫീസ് ഈടാക്കുന്നതിനായി കത്തയയ്ക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-28 വാടകതുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എ. ഇ. ഒ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം (KP IV/9), ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പ്രവർത്തിക്കുന്ന കെട്ടിടം (KP IV/4) എന്നീ കെട്ടിടങ്ങൾ 2020-2021 സാമ്പത്തിക വർഷത്തേയ്ക്ക് വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ വാടകതുക കൃത്യമായി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടങ്ങളുടെ വിവരം | കെട്ടിട നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| എ. ഇ. ഒ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം | KP IV/9 | 2450 | 01.04.2020 മുതൽ 31.03.2021 വരെ |
| ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പ്രവർത്തിക്കുന്ന കെട്ടിടം | KP IV/4 | 4415 | 01.10.2004 മുതൽ 31.03.2021 വരെ |

വാടക കുടിശ്ശിക സംബന്ധിച്ച് 11. 04. 2022 തീയതിയിൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പലിശ സഹിതം വാടക കുടിശ്ശിക അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാടകകുടിശ്ശിക പിഴപ്പലിശ സഹിതം കൃത്യമായി പിരിച്ചെടുത്ത് തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-29 കരാർപത്രം (എഗ്രിമെന്റ്) ചമച്ചിട്ടില്ല

വാടകയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. എ. ഇ. ഒ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം (KP IV/9), ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പ്രവർത്തിക്കുന്ന കെട്ടിടം (KP IV/4) എന്നീ കെട്ടിടങ്ങളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഈ കെട്ടിടങ്ങളുടെ വാടകക്കരാർ നാളിതുവരെ ചമയ്ക്കുവാനോ പുതുക്കുവാനോ സാധിക്കാത്തത് അധികൃതരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. എഗ്രിമെന്റ് വയ്പിക്കാത്തപക്ഷമോ പുതുക്കാത്തപക്ഷമോ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും.

ഇത് സംബന്ധിച്ച് 11.04.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.20ന് ലഭ്യമാക്കിയ മറുപടിയിൽ 2020-21 വർഷം വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-30 കുളങ്ങൾ ലേലം ചെയ്തു നല്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതു കുളങ്ങളിൽ മിക്കതും മത്സ്യം വളർത്തുന്നതിനു വേണ്ടി 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലേലം ചെയ്തു നല്കിയിട്ടില്ല. വിവിധ വാർഡുകളിലായി 30 പൊതു കുളങ്ങളാണുള്ളത്. ഇതിൽ മത്സ്യം വളർത്തുന്നതിനായി കുരുതംകോട് വാർഡിലെ മാത്രകോണം കുളം, ചന്ദ്രമംഗലം വാർഡിലെ വേലൻചിറ കുളം എന്നീ രണ്ടു കുളങ്ങൾ മാത്രമെ 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് യഥാക്രമം 1500/-രൂപയ്ക്കും 1200/-രൂപയ്ക്കും ലേലം ചെയ്തു നല്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച് 11.04.2022 ൽ 20 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രണ്ടു കുളങ്ങൾ മാത്രമാണ് ലേലം ചെയ്തു നൽകിയതെന്നു വ്യക്തമാക്കിയിട്ടുണ്ട്.

കുളങ്ങൾ കൃത്യമായി ലേലം ചെയ്തു കൊടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി; വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 937500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2020-2021 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതിക്കു ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ഈ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ പലരും കന്നുക്കുട്ടി ജനന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 179/20 |
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (ജനറൽ) |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) : 937500 |
| | സംസ്ഥാനാവിഷ്കൃതം : 937500 |
| | ഗുണഭോക്തൃ വിഹിതം : 1875000 (നേരിട്ടു ചെലവഴിക്കുന്നത്) |
| | ആകെ അടങ്കൽ: 3750000 |
| ഭരണാനുമതി നമ്പരും തീയതിയും | 3(1)/11.03.2020 |
| ചെലവു തുക | 937500 (വികസന ഫണ്ട്) |
| ട്രഷറി ബിൽ നമ്പരും തീയതിയും | 15/29.01.2021, 500000/-<br>17/28.03.2021, 437500/- |

പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കൾ കന്നുക്കുട്ടി ജനന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നത് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ഇക്കാരണത്താൽ ആനുകൂല്യം ലഭിച്ചത് യഥാർത്ഥ കന്നുക്കുട്ടി

പരിപാലകർക്കാണെന്ന സ്ഥിരീകരിക്കുവാൻ സാധിക്കുകയില്ല. കൂടാതെ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാനും കഴിയുകയില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈ പദ്ധതിക്കു വേണ്ടി ചെലവഴിച്ച 937500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച് 16.04.2022 ൽ 31 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ കന്നുക്കുട്ടി ജനന രജിസ്റ്ററിൽ പേരില്ലാത്ത ഗുണഭോക്താക്കൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കിയിട്ടുണ്ട്.

## 1-32 ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്

നമ്മുടെ സംസ്ഥാനം സമീപകാലത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥ വ്യതിയാനങ്ങൾ, പകർച്ചവ്യാധികൾ എന്നിവയുടെ പശ്ചാത്തലത്തിൽ അവയെ നേരിടുന്നതിനും ഇനിയൊരു ദുരന്തമുണ്ടായാൽ ക്രിയാത്മകമായി ഇടപെടുന്നതിനും പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 2020-21 സാമ്പത്തിക വർഷം മുതൽ ഒരു ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. സ.ഉ (കൈ)നം.156/2019/തസ്വഭവ, തീയതി: 04.12.2019, സ.ഉ (കൈ)നം. 157/2019/ തസ്വഭവ, തീയതി: 15.12.2019 എന്നീ ഉത്തരവുകൾ പ്രകാരം ഈ പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് സ്ഥാപന തലത്തിലും വാർഡ് തലത്തിലും 20 അംഗങ്ങൾ വീതമുള്ള ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ഈ ഗ്രൂപ്പുകളുടെ ഘടന, പ്രവർത്തന നിർദ്ദേശങ്ങൾ തുടങ്ങിയ വിവരങ്ങൾ സ.ഉ (കൈ)നം. 09/2020/തസ്വഭവ, തീയതി: 06.01.2020 ൽ വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കുന്നതിനുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിനായി ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിനും രൂപം കൊടുക്കേണ്ടതാണ്. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കാൻ പട്ടികകളും അവയിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ഏകീകൃത ടെംപ്ലേറ്റ് സ.ഉ (കൈ)നം. 14/2020/തസ്വഭവ, തീയതി: 14.01.2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വാർഷിക പദ്ധതികളുടെ വികസന സെമിനാറിനു മുമ്പായി ദുരന്ത നിവാരണ പദ്ധതിക്കു മാത്രമായി പ്രത്യേക വികസന സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുവേണം മറ്റു വർക്കിംഗ് ഗ്രൂപ്പുകൾ അവരുടെ പദ്ധതികൾക്കു രൂപം നൽകേണ്ടത്.

ഈ വിഷയം സംബന്ധിച്ച് 11.04.2022 തീയതിയിൽ 24 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന് ഉപോദ്ബലകമായ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ദുരന്ത നിവാരണ വികസന സെമിനാറോ ദുരന്ത നിവാരണ പരിശീലന പരിപാടിയോ സംഘടിപ്പിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ഭരണ സമിതി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-33 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL 20 D 1396 എന്ന നമ്പരിലുള്ള Bolero Jeep വാഹനമാണുള്ളത്. ഇതിന്റെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വാഹനത്തിന്റെ ഇൻഷുറൻസ് സർക്കാർ വകുപ്പിൽ എടുത്തിട്ടില്ല

KL 20 D 1396 എന്ന നമ്പരിലുള്ള ഔദ്യോഗിക വാഹനത്തിന്റെ 2020-2021 കാലയളവിലെ ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും എടുത്തിട്ടില്ല. ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിൽ നിന്നുമാണ് ഇക്കാലയളവിലെ ഇൻഷുറൻസ് എടുത്തിട്ടുള്ളത്. ഇത് സർക്കാർ ഉത്തരവിന് കടകവിരുദ്ധമായ നടപടിയാണ്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം ഗവ. വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

ഇക്കാര്യം സംബന്ധിച്ച് 16.04.2022 ൽ 32 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അടുത്ത തവണ ഇൻഷുറൻസ് പുതുക്കുന്ന സമയത്ത് കേരള സർക്കാരിന്റെ ഇൻഷുറൻസ് വകുപ്പിൽ നിന്നും നിർബന്ധമായും ഇൻഷുറൻസ് എടുക്കേണ്ടതാണ്.

വാഹനം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടി ല്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 20 D 1396 Bolero Jeep വാഹനത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതു സംബന്ധിച്ച വിവരം

ലോഗ്ബുക്കുകളിൽ രേഖപ്പെടുത്തുകയോ സർട്ടിഫിക്കറ്റ് പതിക്കുകയോ ചെയ്തിട്ടില്ല. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് ആധാരമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 16.04.2022 തീയതിയിൽ 32 നമ്പരായി ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോ ഉപോദ്ബലകമായ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇന്ധനക്ഷമത ടെസ്റ്റ് നടത്താതിരുന്നതിനാൽ മൈലേജ് കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരികയും തത്ഫലമായി ഇന്ധന ചെലവ് വർദ്ധിക്കുന്നതിനും വാഹനം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുന്നു. ആയതിനാൽ സമയബന്ധിതമായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുവാൻ കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനുവേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധനം നിറച്ച തീയതി, അളവ്, വില, വാഹന നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 16.04.2022 തീയതിയിൽ 32 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോ തത്സംബന്ധമായ രേഖകളോ ലഭ്യമാക്കിയിട്ടില്ല. സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ചും സ.ഉ (എം. എസ് ) നം.170/07/ത.സ്വ.ഭ.വ തീയതി.30.06.2007 പ്രകാരവും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധന രജിസ്റ്ററും. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

## 1-34 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

4. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

5. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

6. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 16.04.2022 ന നൽകിയ 32 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-35 ജനറേറ്ററിന്റെ ലോഗ്ബുക്ക്,ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല

പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജനറേറ്ററിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ലോഗ്ബുക്ക്, ഇന്ധന രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് 16.04.2022 ന നൽകിയ 32 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36 സംയുക്ത പരിശോധന നടത്തി വെള്ളക്കരം നിശ്ചയിക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഓരോ മാസവും വാട്ടർ അതോറിറ്റിയിൽ 169750/രൂപ ഒടുക്കുന്നുണ്ട്. മുൻവർഷങ്ങളിലെ വാട്ടർ ചാർജിനത്തിൽ ലക്ഷങ്ങൾ ഒടുക്കാൻ ബാക്കിയുള്ളതായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ ഡിമാന്റ് ചെയ്ത് വരുന്നുമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അതാത് മാസത്തെ വെള്ളക്കരം മാത്രമാണ് ഒടുക്കി വരുന്നത്. കുടിശ്ശിക ഇനത്തിലുള്ള വൻബാദ്ധ്യത ശാസ്ത്രീയമായി പുനർനിർണ്ണയിക്കുന്നതിനും തീർപ്പാക്കുന്നതിനും ഇതേവരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

ഉപയോഗ്യശൂന്യമായ വാട്ടർടാപ്പുകൾക്ക് വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തുകളിൽ നിന്നും തുക ഈടാക്കുന്ന എന്ന പരാതി പരിഹരിക്കുന്നതിന് സർക്കാർ 13.8.17 ലെ FM3/247/2019/LSGD നമ്പർ പ്രകാരം നിർദ്ദേശിച്ചിരുന്നു. ഉപയോഗശൂന്യമായ ടാപ്പുകൾ വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധനയിലൂടെ കണ്ടെത്തി നീക്കം ചെയ്യണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 6.9.2019 ൽ ജി2-5497/19 നമ്പരായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത കുടിവെള്ള ടാപ്പുകളെ നീക്കം ചെയ്യണമെന്ന് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതായി ഓഡിറ്റ് എൻക്വയറിക്ക്(നം.1) മറുപടി ലഭിച്ചെങ്കിലും സംയുക്ത പരിശോധന റിപ്പോർട്ട് നല്കാത്തതിനാൽ വെള്ളക്കരം ഒടുക്കുന്ന ടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യത ഓഡിറ്റിന് ബോധ്യമായിട്ടില്ല. മറ്റ് തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ഓരോ വാർഡിലും പ്രവർത്തിക്കാത്തതും നീക്കം ചെയ്യേണ്ടതുമായ കുടിവെള്ള ടാപ്പുകളുടെ വിവരം പ്രാഥമികമായി ജനപ്രതിനിധികൾ തന്നെ സർവ്വെ നടത്തി അവരിൽ നിന്ന് റിപ്പോർട്ട് വാങ്ങുന്നതിനുള്ള സാധ്യത ആരായുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന് ശേഷം വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത കുടിവെള്ള ടാപ്പുകളെ നീക്കം ചെയ്യുന്നതിനും വെള്ളക്കരം അതനുസരിച്ച് കുറവ് ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക 1378360/- രൂപ തടസ്സപ്പെടുത്തുന്നു.-

| ക്രമ നം | പ്രോജക്ട് നം. പേര് | അടങ്കൽ | ചെലവ് | ബിൽനം/ തിയതി |
|---|---|---|---|---|
| 1 | ഐ.കെ.എം.വിഹിതം നല്കൽ(1/20-21) | 150000 | 138105 | 6/21.5.20 |
| 2 | വൈദ്യുതി പോസ്റ്റ് മാറ്റൽ(5/20-21) | 408000 | 189705 | 16,23,23,29./10,11, 2.7.20-16.3.21 |
| 3 | എസ്.എസ്.എ.ഗ്രാമപഞ്ചായത്തിന് വിഹിതം നല്കൽ(21/20-21) | 10,00000 | 10,00000 | 7/21.5.20 |
| 4 | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ(270/20-21) | 133829 | 50550 | 2/11.5.20 |
| | ആകെ ചെലവ് | | 1378360 | |

വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 26 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-38 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ-ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്. ണ്.

പഞ്ചായത്ത് പരിധിയിലെ വാർഡുകളിൽ പുതിയ സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിലുൾപ്പെടെ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനും കേടായ സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സുകൾ മാറ്റിയിടുന്നതിനും ലക്ഷ്യമിട്ട് ചുവടെ ചേർക്കും

പ്രകാരം പദ്ധതികൾ നടപ്പാക്കി.

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | ചെലവ് തുക | ബിൽ നം |
|---|---|---|---|
| 1 | തെരുവ് വിളക്ക് വാർഷിക മെയിന്റനൻസ് 13/21 | 470800 | Cq-248279/8.3.21 |
| 2 | തെരുവ് വിളക്ക് മെയിന്റനൻസ്-267/21 | 500000/ | 3/20-21/11.5.21 |
| 3 | തെരുവ് വിളക്ക് മെയിന്റനൻസ്-ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ S0015//21 | 478216/ | Chqno 176763/18.8.2020-Rs465566,1706789 /11.12.20 -Rs10650/ |

ക്രമ നം1, 2, 3 പ്രകാരം വാങ്ങിയ ഇലക്ട്രിക് സാധനങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തി കരാറുകാരന് കൈമാറിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചു എന്ന് ഭരണസമിതി അംഗങ്ങളുടെ റിപ്പോർട്ട് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ കരാറുകാർ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. തെരുവ് വിളക്കുകളെ സംബന്ധിച്ചുള്ള പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മെയിന്റനൻസ് നടത്തിയ വേളയിൽ കേടായതും മാറ്റിയിട്ടുതുമായ വൈദ്യുത ഉപകരണങ്ങൾ ശേഖരിച്ച് ഉപയോഗശൂന്യമായവ വിൽപ്പന നടത്തി തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (1/20-21) മറുപടിയായി 15/07/2020 ൽ കത്ത് നല്കിയതായും എന്നാൽ കെ.എസ്.ഇ.ബി. യിൽ നിന്നും സൗകര്യപ്രദമായ സമയം നാളിതുവരെയും അറിയിച്ചിട്ടില്ലാത്തതുമാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കരാറുകാർ നടത്തുന്ന മെയിന്റനൻസ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിക്കേണ്ടതും കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ഉപയോഗശൂന്യമായ വൈദ്യുത ഉപകരണങ്ങൾ വിൽപ്പന നടത്തി തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

## 1-39 ഭൗതികസൗകര്യങ്ങൾ ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു

സർക്കാർ ഉത്തരവ് നം.1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 നിഷ്ക്കർഷിക്കും പ്രകാരം ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനങ്ങൾ/ഭൗതികസൗകര്യങ്ങൾ സംബന്ധിച്ച് 07.04.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6 ന് നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികൾ | 38 |
| 2 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 3 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 6 |
| 5 | ഓട്ടോമാറ്റിക്ക് ഗേറ്റ് ഇല്ലാത്തവ | 38 |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 8 |
| 7 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഉല്ലാത്തവ | 38 |
| 8 | ശിശു സൗഹാർദ്ദ പെയിൻറിംഗ് ഇല്ലാത്തവ | 36 |
| 9 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 38 |

മേൽ സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിക്കും പ്രകാരമുള്ള ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളെ പ്രവർത്തന സജ്ജമാക്കാൻ ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടിയിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതി (നം.3/20-21) പ്രകാരം ന്യൂട്രിമിക്സ് വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. കൈരളി ന്യൂട്രിമിക്സ് - 8,36,835/-

2. അക്ഷയന്യൂട്രിമിക്സ് - 1,52,810/-

3. ഐശ്വര്യ ന്യൂട്രിമിക്സ് - 77,440/-

ആകെ = 10,67,085/-

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്-ബി3-312 നം. കത്ത് പ്രകാരം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ലാബ് ടെസ്റ്റ് നടത്തേണ്ടതാണ്. ലാബ് ടെസ്റ്റ് നടത്തിയ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കാൻ 11.04.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.14 ന് ഐ.സി ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ചെന്നൈ ലാബിലേക്ക് പരിശോധനക്ക് അയച്ചിട്ടുണ്ടെന്നും നാളിതുവരെ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലായെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ്-ബി3-8415/20(1) തീയതി.31.01.2022ലെ കത്ത് പ്രകാരം ഇനിമുതൽ ചെന്നൈ ലാബുകളിൽ ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനക്ക് അയക്കേണ്ടതില്ലെന്നും തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റിക്ക് ലബോറട്ടറിയിൽ ലാബ് ടെസ്റ്റ് നടത്താൻ നിർദ്ദേശിക്കുന്നതായും മറുപടിയിൽ സൂചിപ്പിക്കുന്നുണ്ട്. ഒന്നുമുതൽ ആറുവയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരെ ലക്ഷ്യമിടുന്ന പോഷകാഹാര പരിപാടിയിൽ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തേണ്ടത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഭരണസമിതിയുടെയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-41 പദ്ധതി ഫയലുകൾ ഹാജരാക്കിയില്ല.-ചെലവ് തുക 5,25,000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നം. | 320/20-21 |
| പദ്ധതി | സുഭിക്ഷ കേരളം പദ്ധതി |
| അടങ്കൽ | 5,50,000/-രൂപ |
| ചെലവ് തുക | 5,25,000/-രൂപ |
| ബിൽ നം.തീയതി &തുക | JAP 14/2020-21,25.03.2021-75,000/-<br>JAP 33/2020-21,31.03.2021-55,500/- |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സൂലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം സുഭിക്ഷ കേരളം പദ്ധതിക്ക് 5,50,000/-രൂപ അടങ്കൽ വകയിരുത്തി 5,25,000/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ പദ്ധതി ഫയലിന്റെ പരിശോധനയിൽ പ്രസ്തുത പദ്ധതി രേഖകൾക്ക് പകരം "ചട്ടിയും പച്ചക്കറി തൈയ്യും " എന്ന പദ്ധതിയുടെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. പദ്ധതി റിവൈസ് ചെയ്തതായിട്ടുള്ള രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. മാത്രമല്ല, ട്രഷറി ബിൽ ബുക്ക് പ്രകാരം മേൽ രണ്ട് ബിൽ തുകകളുടെ ബില്ലുകൾ മാത്രമാണ് മാറിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ/മറുപടി ഓഡിറ്റിന് ലഭ്യമാക്കാൻ 11.04.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.19 ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ പദ്ധതി ചെലവ് തുകയായ 5,25,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-42 ചെലവ് രേഖകളുടെ അഭാവത്തിൽ 1,25,750/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി - സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി

പദ്ധതി നം. 9/20-21

അടങ്കൽ തുക 10,00,000/-

ചെലവ് തുക 9,99,725/-

നിർവ്വഹണം- മെഡിക്കൽ ഓഫീസർ (അലോപ്പതി)

| ക്രമ നം. | ബിൽ നം. & തീയതി | തുക |
|---|---|---|
| 1 | 6/20-21/9.9.20 | 15,000/- |
| 2 | 7/20-21/7.9.20 | 39,077/- |
| 3 | 9/20-21/29.9.20 | 2,750/- |
| 4 | 10/20-21/8.10.20 | 15,000/- |
| 5 | 17/20-21/6.2.21 | 18,030/- |

| | | |
|---|---|---|
| 6 | ബിൽ നം. & തീയതി ലഭ്യമല്ല | 35,923/- |
| | ആകെ | 1,25,750/- |

സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മേൽ ട്രഷറി ബിൽ ബുക്ക് പ്രകാരമുള്ള ബില്ലുകളുടെ അനുബന്ധ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ 12.04.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.27ന് മറുപടി ലഭ്യമാക്കുകയോ/രേഖകൾ ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ ബിൽ തുകയായ 1,25,750/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. മതിയായ ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-43 പദ്ധതി ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല-20,39,500/-രൂപ തടസ്സപ്പെടുത്തുന്നു.

ആരോഗ്യമേഖലയിൽ മെഡിക്കൽ ഓഫീസർ (അലോപ്പതി) നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ നിർവ്വഹണ ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി | പദ്ധതി നമ്പർ | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ ഫീൽഡ് തല ഇമ്മുണൈസേഷൻ ആംബുലൻസ് | 10/2020-21 | 2,25,000/- | 2,25,000/- |
| 2 | ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി | 12/2020-21 | 9,00,000/- | 7,00,000/- |
| 3 | ക്യാൻസർ രോഗ നിർണ്ണയ പദ്ധതി | 16/2020-21 | 50,000/- | 49,985/- |
| 4 | ആർദ്രം കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടേയും നഴ്സിൻേറയും വേതനം | 29/2020-21 | 10,00,000/- | 7,68,766/- |
| 5 | ആർദ്രം കുടുംബാരോഗ്യ കേന്ദ്രത്തിൽ പാർട്ട്ടൈം ആയി ഫാർമസിസ്റ്റിനെ നിയമിക്കൽ | 30/2020-21 | 1,00,000/- | 88,667/- |
| 6 | പകർച്ചവ്യാധി പ്രതിരോധ പദ്ധതി | 31/2020-21 | 75,000/- | 75,000/- |
| 7 | ആർദ്രം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഔഷധ സസ്യകതതത്തോട്ടം,പാർക്ക് എന്നിവ സ്ഥാപിക്കൽ | SO290/20-21 | 1,50,718/- | 1,17,082/-- |
| 8 | മാനസിക രോഗികൾക്ക് മരുന്ന് വാങ്ങി നൽകലും തുടർ സ്ക്രീനിംഗും | SO292/20-21 | 15,000/- | 15,000/- |
| | | ആകെ | | 20,39,500/- |

മേൽ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കാൻ 13.04.2022 ൽ നൽകിയ ഓഡിറ്റ് റിക്വസിഷന് മറുപടി/ഫയലുകൾ യാതൊന്നും ലഭ്യമാക്കിയിട്ടില്ല. മതിയായ പദ്ധതി ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 2020-21 | 2467653 | 2467653 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2020-21 | 3018532 | 3018532 | 0 |
| ആകെ | | | | |

2019-20 വരെയുള്ള നീക്കിയിരിപ്പ് വിശദാംശങ്ങൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ .

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | 189705 | 0 | 189705 |
| കെ.എസ്.ഇ.ബി. | | 50550 | 0 | 50550 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്.

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ച് അടവാക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് തുക | തൻവർഷം തിരിച്ച് അടവാക്കിയതുക | വർഷാവസാനം ബാക്കിയുള്ള തുക |
|---|---|---|---|---|
| KURDFC ലോൺ | 63870000 | 5020000 | | 64077333 |

*വിവരങ്ങൾ പരിശോധിക്കാൻ ലോൺ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.(കൂടുതൽ വിവരങ്ങൾ വാർഷിക ധനകാര്യപത്രികാ പരിശോധനാ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.)

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,84,47,258 |
| ഓഡിറ്റ് വർഷത്തെ വരവ് | 17,73,21,609 |
| ആകെ വരവ് | 19,57,68,867 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,68,05,589 |
| നീക്കിയിരിപ്പ് | 5,89,63,278 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50,06,110 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം .

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-31 | 937500 | 5,00,000 | ഡോ.സുനിൽകുമാർ, വെറ്ററിനറി സർജൻ |
| | | 4,37,500 | ഡോ.സേതുമാധവൻ, വെറ്ററിനറി സർജൻ |
| 1-37 | 1378360 | 1,89,705 | ശ്രീമതി.മിനിചന്ദ്ര, സെക്രട്ടറി. |
| | | 11,88,655 | ശ്രീ.ഹരികുമാർ.ജി. സെക്രട്ടറി. |
| 1-41 | 525000 | 5,25,000 | ശ്രീമതി.ബീന കൃഷി ഓഫീസർ. |
| 1-42 | 125750 | 1,25,750 | ഡോ.ശാന്തകുമാർ, മെഡിക്കൽ ഓഫീസർ,അലോപ്പതി |
| 1-43 | 2039500 | 20,39,500 | ഡോ.ശാന്തകുമാർ, മെഡിക്കൽ ഓഫീസർ,അലോപ്പതി |
| ആകെ | | 50,06,110 | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം . |
|---|---|---|
| ഡോ.സുനിൽകുമാർ.ആർ വെറ്ററിനറി സർജൻ | | റ്റി.സി.55/2095,KG 154 കല്പക ഗാർഡൻസ്. വിശ്വംഭരൻറോഡ്, പാപ്പനംകോട്, തിരുവനന്തപുരം. |
| ഡോ.സേതുമാധവൻ വെറ്ററിനറി സർജൻ | | റ്റി.സി-41/325(2), KRWA-113, കുരിയാണി, മണക്കാട്-പി.ഒ തിരുവനന്തപുരം. |
| ശ്രീമതി.മിനിചന്ദ്ര സെക്രട്ടറി. | | അമരാവതി,TRWA_20G, പൂജപ്പുര, തിരുവനന്തപുരം. |
| ശ്രീ.ഹരികുമാർ.ജി, സെക്രട്ടറി. | | ഗുരുപൂർണ്ണിമ, ശാസ്താനഗർ, S.N.R.A, കരമന, തിരുവനന്തപുരം. |
| ശ്രീമതി.ബീന, കൃഷി ഓഫീസർ. | | സുഹാസനം നന്ദൻകോട്, കവടിയാർ.പി.ഓ |
| ഡോ.ശാന്തകുമാർ, മെഡിക്കൽ ഓഫീസർ, | | ശാന്തി, ചൂണ്ടുപലക, കാട്ടാക്കട.പി.ഒ |

| അലോപ്പതി | | |
|---|---|---|

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18 തീയതി 20.06.2018 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18 തീയതി 20.06.2018 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18 തീയതി 20.06.2018 | 2 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18 തീയതി 20.06.2018 | 2 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18 തീയതി 20.06.2018 | 3 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18 തീയതി 20.06.2018 | 8 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18 തീയതി 20.06.2018 | 15 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.5/2126/13 തീയതി 15.11.13 | 18 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/ തീയതി.04.04.2014 | 14 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/36/16 തീയതി 8.2.2016 | 6 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/857/15 തീയതി 26.04.2016 | 5 |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1772/2016 തീയതി.05.4.17 | 10 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/975/17 തീയതി.23.6.2017 | 4 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1666/2017 തീയതി.6.2.18 | 9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1046/2019 തീയതി.05.08.19 | 17 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1718/2019 തീയതി.17.10.2019 | 25 |
| 2019-20 | നമ്പർ:കെ.എസ്.എ.റ്റി.വി.എം/ജി.പി.5/657/2021 തീയ്യതി:31/03/2021 | 36 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്